# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1533 — 13/06/2014-ൽ മറുപടിയ്ക്ക്

## ഹോർട്ടികോർപ്പിന് നൽകുന്ന സബ്സിഡി

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ.കെ. നാരായണൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | ഹോർട്ടികോർപ്പിന് കഴിഞ്ഞ മൂന്ന് വർഷമായി എത്ര രൂപ സബ്സിഡി നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | എ) | 2011-12 - 80 ലക്ഷം രൂപ<br>2012-13 - 11.33 കോടി രൂപ<br>2013-14 - 15 കോടി രൂപ വിപണി ഇടപെടുന്നതിനായി സബ്സിഡി നൽകിയിട്ടുണ്ട്. |
| ബി) | ഹോർട്ടികോർപ്പിന് സബ്സിഡി നൽകുന്നത് സാധനങ്ങൾ വിറ്റ ബില്ലിന്റെ അടിസ്ഥാനത്തിലാണോ; | ബി) | ഹോർട്ടികോർപ്പിന് സബ്സിഡി നൽകുന്നത് സാധനങ്ങൾ വിറ്റ ബില്ലിന്റെ അടിസ്ഥാനത്തിലല്ല. മറിച്ച് വിപണി ഇടപെടൽ നടത്തുന്നതിന് അഡ്വാൻസായാണ് തുക അനുവദിക്കുന്നത്. |
| സി) | അല്ലെങ്കിൽ സാധനങ്ങൾ വിൽക്കുന്ന ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകുന്ന കാര്യം പരിഗണിക്കുമോ; | സി) | ഹോർട്ടികോർപ്പിന് സാധനങ്ങൾ വിറ്റ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡി നൽകിയാൽ പൊതുജനങ്ങൾക്ക് പച്ചക്കറി പഴവർഗ്ഗങ്ങൾ വിൽക്കുമ്പോൾ കിഴിവ് അനുവദിക്കുന്നതിന് ബുദ്ധിമുട്ടായിരിക്കും. |
| ഡി) | ഇതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | ഡി) | പഴം- പച്ചക്കറി ഉല്പന്നങ്ങൾ പൊതുജനങ്ങൾക്ക് നിത്യേന ആവശ്യമായിട്ടുള്ളതും അതേ സമയം പ്രകടമായ നിലയിൽ പൊതു വിപണി വിലയിൽ വ്യതിയാനം ഉണ്ടാകുന്ന മേഖലയുമാണ്. ഇത് സാധാരണക്കാർക്ക് വളരെയധികം സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാക്കുന്നു. ഈ സാഹചര്യം ഒഴിവാക്കാനാണ് വിപണിയിൽ ഉല്പന്നവില ഉയരുന്ന സാഹചര്യത്തിൽ ഇത് പിടിച്ചുനിർത്തുന്നതിനും കർഷകന് ന്യായമായ |

PTO

വില ഉറപ്പുവരുത്തുന്നതിനുമായി
ഹോർട്ടികോർപ്പിന് വിപണിയിൽ ഇടപെട്ട്
ന്യായമായ വിലയ്ക്ക് വിവിധ പഴം
പച്ചക്കറിയിനങ്ങൾ കർഷകരിൽ നിന്നും സംഭരിച്ച്
ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക്
ലഭ്യമാക്കുന്നു. ഇതുവഴി ഹോർട്ടികോർപ്പിന്
ഉണ്ടാകുന്ന നഷ്ടം സർക്കാർ നൽകുന്ന
അഡ്വാൻസ് സബ്സിഡി മുഖേന നികത്തുന്ന
രീതിയാണ് ഇപ്പോൾ നിലവിലുള്ളത്.

**സെക്ഷൻ ഓഫീസർ**